(സി) സർക്കാർ എന്തു തുക ഇതിനായി സബ്സിഡി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുവിതരണത്തിനായി കേന്ദ്രം നൽകുന്ന അരി സബ്സിഡി നൽകി എല്ലാവർക്കും ഒരേ വിലയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബി. പി. എൽ.-നു കീഴിൽ 25.43 ശതമാനം പേർക്ക് റേഷൻ വിതരണം നടത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1-6-1997-ൽ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കിയ അവസരത്തിൽ ബി. പി. എൽ. കുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് ഐ. ആർ. ഡി. പി. സർവ്വെ റിപ്പോർട്ടിനെയാണ് അവലംബിച്ചത്. അതിൻ പ്രകാരം സംസ്ഥാനത്ത് 42 ശതമാനം പേർ ബി. പി. എൽ. വിഭാഗത്തിൽപ്പെടുന്നവരായി കണക്കാക്കിയിരുന്നു. സംസ്ഥാനത്ത് നിലവിൽ 32 ശതമാനം ബി. പി. എൽ. കുടുംബങ്ങളാണ് റേഷൻ സംവിധാനത്തിന്റെ പരിധിയിൽ വന്നിട്ടുള്ളത്.

(ബി—ഡി) കേന്ദ്രം നിശ്ചയിച്ച 25.43 ശതമാനം ബി. പി. എൽ. കാർഡു കാർക്ക് പുറമേ സംസ്ഥാനം അധികമായി കണ്ടെത്തിയ 6.57 ശതമാനം കാർഡുകാർക്ക് (മൊത്തം 32 ശതമാനം) സബ്സിഡി അനുവദിച്ചുകൊണ്ടാണ് അരി വിതരണം നടത്തുന്നത്. ഇതിനായി ബഡ്ജറ്റിൽ 110 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ടെങ്കിലും മുഴുവൻ കാർഡുകാർക്കും സബ്സിഡി നിരക്കിൽ അരി നൽകാൻ സംസ്ഥാനത്തിന്റെ സാമ്പത്തിക നില അനുവദിക്കുന്നില്ല.

എഫ്. സി. ഐ. ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് നടപടി

33 [5487] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്. സി. ഐ. ഗോഡൗണുകൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഗോഡൗൺ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് പ്രാഥമിക നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ—ഡി) പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ ഫുഡ് കോർപ്പറേഷന്റെ ഗോഡൗണുകൾ നിലവിലുണ്ട്. ഫുഡ് കോർപ്പറേഷന്റെ നിലവിലുള്ള ഗോഡൗണുകളുടെ സംഭരണശേഷി പൊതുവിതരണ സമ്പ്രദായത്തിന്റെ ഇപ്പോഴുള്ള ആവശ്യം നിറവേറ്റുന്നതിന് വേണ്ടുവോളം പര്യാപ്തമായതിനാൽ പുതിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഫുഡ് കോർപ്പറേഷന്റെ പരിഗണനയിലില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്ഥാപനങ്ങളിൽ കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ

34 [5488] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഭക്ഷ്യവകുപ്പിന്റെ കീഴിൽവരുന്ന ലാഭം സ്റ്റോർ, മാവേലി സ്റ്റോർ, സപ്ലൈകോ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇതര സ്ഥാപനങ്ങൾ എന്നിവയിൽ കരാർ വ്യവസ്ഥയിലും ദിവസക്കൂലി വ്യവസ്ഥയിലും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഡെപ്യൂട്ടേഷനിൽ ഏതു തസ്തികയിൽപ്പെട്ടവരെയാണ് ഇപ്രകാരം നിയമനം നടത്തിയ ഒഴിവുകളിൽ പ്രവേശിപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ സമാന തസ്തികകളിലെ നിയമനത്തിനുള്ള പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ;

(ഇ) ദിവസക്കൂലി, കരാർ വ്യവസ്ഥകളിൽ ജീവനക്കാരെ തെരഞ്ഞെടുത്തത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ 121 പേരെ നിയമിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1.	തിരുവനന്തപുരം	..	7
2.	കൊല്ലം	..	11
3.	പത്തനംതിട്ട	..	12
4.	കോട്ടയം	..	17
5.	ഇടുക്കി	..	2
6.	എറണാകുളം	..	44
7.	ആലപ്പുഴ	..	19
8.	പാലക്കാട്	..	3
9.	മലപ്പുറം	..	3
10.	കോഴിക്കോട്	..	2
11.	കണ്ണൂർ	..	1

LIBRARY ARCHIVES Kerala Legislative Assembly